"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-സ്കൂൾ ഉച്ചഭക്ഷണ പദ്ധതി- സപ്ലിമെന്ററി ന്യൂട്രീഷ്യൻ സ്കീം- 2025 സെപ്റ്റംബർ മാസത്തെ പാലിന്റെയും മുട്ടയുടെയും വിതരണത്തിനായി ചെലവ് വന്ന തുക സംസ്ഥാന അധിക സഹായം എന്ന കണക്ക് ശീർഷകത്തിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് അനുവദിച്ചുകൊണ്ടും ആയത് റിലീസ് ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.9736/2025/GEDN തീയതി,തിരുവനന്തപുരം, 17-11-2025

---

പരാമർശം:-

1. 09.05.2025 ലെ സ.ഉ(സാധാ) നം. 3235/2025/പൊ.വിവ
2. 10.10.2025 ലെ സ.ഉ(സാധാ) നം. 8320/2025/പൊ.വിവ
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.07.2025, തിയതിയിലെ എൻ.എം.എ(3)/11/22/2025/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന കുട്ടികൾക്ക് 2025 സെപ്റ്റംബർ മാസത്തിലെ സപ്ലിമെന്ററി ന്യൂട്രീഷ്യൻ പദ്ധതിയുടെ ഭാഗമായി ആഴ്ചയിൽ 2 ദിവസം പാലും (150 മിലിവീതം രണ്ടു ദിവസം) ഒരു ദിവസം മുട്ടയും നൽകിയതിന്, പാൽ ലിറ്ററിന് 52/-രൂപയും ഒരു മുട്ടയ്ക്ക് 6/- രൂപയും നിരക്കിൽ, 2025 ഓഗസ്റ്റ് മാസത്തെ നീക്കിയിരിപ്പായുള്ള 17,72,363/- രൂപ കിഴിച്ച്, ആകെ 15,14,94,205/- രൂപ (പതിനഞ്ച് കോടി പതിനാല് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി ഇരുനൂറ്റി അഞ്ച് രൂപ മാത്രം) ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടെന്നും ആയതിനാൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള "2202-01-112-89-PV-സംസ്ഥാന അധിക സഹായം" എന്ന ശീർഷകത്തിൽ നിന്നും പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പൊതുവിദ്യാഭ്യസ ഡയറക്ടർ പരാമർശം(3) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 സെപ്തംബർ മാസത്തിൽ പാലിന്റെയും മുട്ടയുടെയും വിതരണത്തിനായി ചെലവ് വന്ന തുകയായ 15,14,94,205/- രൂപ (പതിനഞ്ച് കോടി പതിനാല് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി ഇരുനൂറ്റി അഞ്ച് രൂപ മാത്രം) 2202-01-112-89-PV-സംസ്ഥാന അധിക സഹായം എന്ന ശീർഷകത്തിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് കൊണ്ടും പ്രസ്തുത തുക റിലീസ് ചെയ്ത് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരളം ,തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരളം ,തിരുവനന്തപുരം .
ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് U.O(R) EDN-A2/183/2024-FIN dated.14.11.2025
വിവര പൊതു ജന സമ്പർക്ക(വെബ് &ന്യൂ മീഡിയ ) വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,KITE ,തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

Signed by
Sajitha V
Date: 17-11-2025 15:50:38

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - 1. ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
3. പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്.